പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 706 11.06.2014 ൽ മറുപടിക്ക്

**ജനറൽ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്താൻ ഉദ്ദേശ്യമുണ്ടോ ; | (എ) | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (ബി) | നിലവിലുള്ള ജനറൽ ആശുപത്രികളിലെല്ലാം ചട്ടങ്ങളനുശാസിക്കുന്ന രീതിയിൽ വിവിധ മേഖലയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ ; ഇതേ ആശുപത്രികളിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ സേവനം വേണ്ടത്ര ഉറപ്പുവരുത്തി യിട്ടുണ്ടോ ; | (ബി) | നിലവിലുള്ള ജനറൽ ആശുപത്രികളിലെല്ലാം സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. നിലവിലുള്ള പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തികകളിലും നിയമനങ്ങൾ നടത്തുന്നുണ്ട്. |
| (സി) | എല്ലാ ജനറൽ ആശുപത്രികളിലും പാമ്പിൻ വിഷത്തിനുള്ള ആന്റിവെനം ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിക്കുന്നതാണ് |
| (ഡി) | പേവിഷ പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്ന് വേണ്ടത്ര ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | പേവിഷ ചികിത്സയ്ക്കുള്ള മരുന്ന് ആവശ്യത്തിന് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ